**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 655** — **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് വൈദ്യുതി എത്താത്ത ആദിവാസി കോളനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി എത്താത്ത എത്ര ആദിവാസി കോളനികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഈ കോളനികൾ എന്ന് വൈദ്യുതീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (എ) | സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി സർക്കാർ നിർദ്ദേശമനുസരിച്ച് കെ.എസ്.ഇ. ബി.എൽ, വൈദ്യുതി ലഭ്യമല്ലാത്ത 100 പട്ടികവർഗ്ഗ കോളനികൾ കണ്ടെത്തി DPR തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി DPR പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് 23.11.2021-ൽ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ തണ്ടംകല്ല്, മുണ്ടക്കടവ് എന്നീ 2 കോളനികളിൽ ആൾതാമസമില്ല. ഗ്രിഡ് വൈദ്യുതീകരണം സാധ്യമായ 64 കോളനികളിൽ ഗ്രിഡ് വൈദ്യുതി എത്തിയ്ക്കുന്നതിന് 64.54 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. ഫണ്ട് ലഭ്യമായ 2 കോളനികൾ (നെല്ലിയാമ്പതി, വണ്ടാഴി) ഏപ്രിൽ, മെയ് മാസങ്ങളിലായി വൈദ്യുതീകരിച്ചിട്ടുണ്ട്.<br><br>ഗോത്ര വർഗ്ഗ ഊരുകൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളാ യതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽ കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെക്കുറച്ച മാത്രം കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. പട്ടിക വർഗ്ഗവികസന വകുപ്പിൽ നിന്നും വൈദ്യുതീകരണത്തിനു ആവശ്യമായ തുക, വനം വകുപ്പിന്റെ അനുമതി എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ